പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 117** **12-10-2026-ൽ മറുപടിയ്ക്ക്**

**എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷ്വറൻസ് ക്ലെയിമുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. അജയപ്രസാദ് ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ ഉൾപ്പെടെ ക്ലെയിമുകൾ തീർപ്പാക്കുന്നതിനു കാലാനുസൃതമായ മാറ്റങ്ങൾ ഏർപ്പെടുത്തുന്ന ഈ കാലത്തും കാലഹരണപ്പെട്ട നടപടിക്രമങ്ങൾ ജീവനക്കാരുടെ എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവ അനുവദിക്കുന്നതിനു നിഷ്കർഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്ന മുറക്ക് എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷുറൻസ് ക്ലൈമുകൾ തീർപ്പാക്കുന്നതിൽ കാലാനുസൃതമായ മാറ്റങ്ങൾ നടപ്പിലാകുന്നതാണ്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**(ബി)** റവന്യൂ സ്റ്റാമ്പിന്റെ ദൗർലഭ്യം നേരിടുന്നതിനാലും ബന്ധപ്പെട്ട വ്യക്തികളുടെ അക്കൗണ്ടിലേക്ക് ഓൺലൈൻ മുഖേന തുക അനുവദിക്കുന്നതിനാലും ജീവനക്കാരുടെ എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവ അനുവദിക്കുന്നതിനു റവന്യൂ സ്റ്റാമ്പ് ഒഴിവാക്കുന്നത് ഉൾപ്പടെ കാലാനുസ്യതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ;

**മറുപടി:** എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷുറൻസ് എന്നിവ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ സ്റ്റാമ്പിന്റെ ദൗർലഭ്യം ബോദ്ധ്യപ്പെടുന്ന പക്ഷം പകരം സംവിധാനം ഉൾപ്പെടെയുള്ള കാലാനുസൃതമായ മാറ്റങ്ങൾ പരിഗണിക്കുന്നതാണ്

**(സി)** യഥാസമയം തുക അനുവദിക്കാത്തതുമൂലം ജീവനക്കാരുടെ എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷ്വറൻസ് ക്ലെയിമുകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** നിലവിലുള്ള ജീവനക്കാരിൽ ഭൂരിഭാഗവും വിരമിക്കുന്നത് മെയ് മാസങ്ങളിലാണ്. ആയതിനാലാണ് എസ്.എൽ.ഐ,ഗ്രൂപ്പ് ഇൻഷ്വറൻസ് ക്ലൈമുകൾ ഈ സമയങ്ങളിൽ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്ന മുറയ്ക്ക് സേവനങ്ങളിൽ കൂടുതൽ വേഗതയും കൃത്യതയും ഉറപ്പുവരുത്തുന്നതാണ്.

**(ഡി)** ജീവനക്കാരുടെ എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷ്വറൻസ് ക്ലെയിമിനുള്ള എത്ര അപേക്ഷകളാണ് നിലവിൽ കുടിശ്ശികയുള്ളത്; വിശദമാക്കാമോ;

**മറുപടി:** നിലവിൽ 6938 എണ്ണം എസ്.എൽ.ഐ ക്ലെയിമുകളും 3424 എണ്ണം ജി.ഐ.എസ് ക്ലെയിമുകളുമാണ് കുടിശികയുള്ളത് (30.09.2026 വരെ)

**(ഇ)** എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷ്വറൻസ് ക്ലെയിമുകൾ യഥാസമയം അനുവദിച്ച് തുക വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി:** എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷുറൻസ് ക്ലെയിമുകൾ സർക്കാർ അലോട്ട്മെന്റിന് വിധേയമായി വിതരണം ചെയ്തു വരുന്നുണ്ട്

**സെക്ഷൻ ഓഫീസർ**